**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5220** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെയും ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ്മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കി വരുന്നത്. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു.) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തു വരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40%മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കി വരുന്നു. കൂടാതെ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്നു കൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു. ആയത് അനുബന്ധം V ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുള്ള | (ബി) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള മുച്ചക്ര വാഹന |

| | | | |
|---|---|---|---|
| | മുച്ചക്രവാഹന വിതരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; | | വിതരണ പദ്ധതി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തു വരുന്നു |
| (സി) | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആറ് ആശാഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഉൾപ്പെടുന്ന കോഴിക്കോട് ആശാഭവനു (സ്ത്രീകൾ) കീഴിൽ സൈക്കോസോഷ്യൽ സ്കീം പ്രകാരം കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്ന പുരുഷൻമാരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ പ്രതീക്ഷാ ഭവൻ എന്ന സ്ഥാപനവും സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശാ ഭവൻ എന്ന സ്ഥാപനവും കുട്ടികളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ HMDCഎന്ന സ്ഥാപനവും പ്രവർത്തിയ്ക്കുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1.സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി . 2. പ്രത്യാശ പദ്ധതി 3. ഡേ കെയർ പദ്ധതി 4 ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്. 5.ഹോം എഗൈൻ പദ്ധതി 6. അതിജീവനം സമഗ്ര പദ്ധതി 7. CDMRP മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കാവശ്യമായ കൗൺസലിംഗ് ഉൾപ്പെടെയുള്ള തെറാപ്പികളും പരിശീലനങ്ങളും തിരുവനന്തപുരം,ആലപ്പുഴ,കോട്ടയം,തൃശ്ശൂർ,കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കേരള സാമൂഹ്യസുരക്ഷാമിഷൻ സ്ഥാപിച്ചിട്ടുള്ള റീജിയണൽ ഏർളി ഇൻറർവെൻഷൻ സെൻററുകൾ വഴി നൽകി വരുന്നു. മാനസികവെല്ലുവിളി നേരിടുന്നവരെ മുഴുവൻ സമയം പരിചരിക്കുന്നവർക്ക് പ്രതിമാസം 600/രൂപ നിരക്കിൽ ധനസഹായം കേരള സാമൂഹ്യ സുരക്ഷാമിഷൻെറ കീഴിലുള്ള ആശ്വാസകിരണം പദ്ധതിയിലൂടെ അനുവദിച്ചുവരുന്നു. കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ(കിടപ്പിലായവർ) കടുത്ത ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ ഒരു മുഴുവൻ സമയ പരിചാരകൻെറ സേവനം ആവശ്യമുള്ളവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700/-രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു. |
| (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഓട്ടിസം ബാധിതർക്കുവേണ്ടി എന്തെങ്കിലും പ്രത്യേക | (ഡി) | കോവിഡ് 19 ന്റെ സാഹചര്യത്തിൽ വീട്ടിൽ അടച്ചിട്ട കഴിയേണ്ടിവരുന്ന ഭിന്നശേഷിക്കാർക്ക് മാനസികമായ |

| | | | |
|---|---|---|---|
| | പാക്കേജ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ? | | സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ്, മറ്റു വകുപ്പുകളായ വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വനിത ശിശു വികസനം എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തൊട്ടാകെ സഹജീവനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, എസ്.എസ്.കെ, ബിആർസി എന്നിവിടങ്ങളിലെ പ്രത്യേക അദ്ധ്യാപകരെ സന്നദ്ധവോളന്റിയർമാരായി ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ,മഞ്ചേരി , കോഴിക്കോട്) കോഴിക്കോട് ഇംഹാൻസിലും സ്ഥാപിച്ചിട്ടുള്ള ഏഴ് ഓട്ടിസം സെൻററുകൾവഴി ഓട്ടിസം ബാധിതരായ കുട്ടികൾക്കാവശ്യമായ പരിശീലനങ്ങളും,തെറാപ്പികളും ഓൺലൈനായിനൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.ഓട്ടിസം ബാധിതർക്കായി 14 ജില്ലകളിൽ ഓട്ടിസം സർട്ടിഫിക്കേഷൻ മെഡിക്കൽ ബോർഡ് രൂപീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. നാഷണൽ ഇൻസ്ററിറ്റ്യൂട്ട് ഓഫ് മെഡിസിൻ & റീഹാബിലിറേറഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം അനുബന്ധം VI ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

Annexure - I

## സാമൂഹ്യ നീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന വ്യക്തി ഗത ഗുണഭോക്തൃ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

### 1)ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞ ത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥ ാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

### സ്കോളർ ഷിപ്പ് നിരക്ക്

| ശ്രേണി | ദിവസ വിദ്യാർഥികൾക്ക് | ഹോസ്റ്റൽ വിദ്യാർഥികൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 | ---- | 200 |
| 5 മുതൽ 10 വരെ | 500 | ---- | 200 |
| +1, +2, ITI തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | 1000 | 1500 | 400 |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

### 2)വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി

/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി ---(സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 1 ലക്ഷം രൂപ വരുമാന പരിധി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

- 1 മുതൽ 5 വരെ- സ്കോളർഷിപ്പ് നിരക്ക്- 300/- രൂപ
- 6 മുതൽ 10 വരെ- സ്കോളർഷിപ്പ് നിരക്ക്- 500/- രൂപ
- +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ-സ്കോളർഷിപ്പ് നിരക്ക്- 750/- രൂപ
- ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 1000/-രൂപ

## 3) വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

**സ്കോളർ ഷിപ്പ് നിരക്ക്**

| ക്രമ നം | കോഴ്സ്/ക്ലാസ്/വിഭാഗം | പഠനോപകരണങ്ങൾ | യൂണിഫോം(ഒരു കാറ്റഗറിയിൽ ഒറ്റ തവണ മാത്രം ) |
|---|---|---|---|
| 1 | 9 ,10 ക്ലാസുകൾ | 1000 | 1500 |
| 2 | +1, +2, ITI ,VHSC, | 2000 | 1500 |
| 3 | ഡിഗ്രി/ഡിപ്ലോമ /പ്രൊഫഷണൽകോഴ്സുകൾ | 3000 | - |
| 4 | പിജി, | 3000 | - |

## 4)മാതൃജ്യോതി പദ്ധതി

ഭിന്നശേഷിക്കാരിയായ മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനഹായം നൽകുന്ന പദ്ധതി.

1. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്

2. ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്

3. വരുമാന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിൻറെ പകർപ്പ്)

4. ബാങ്ക് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജ്

5. വരുമാന പരിധി 1 ലക്ഷം രൂപ.

## 5.പരിണയം പദ്ധതി

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ വനിതകൾക്കും, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം". ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്

## 6)ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി.

- (വരുമാന പരിധി- ഗ്രാമങ്ങളിൽ 20,000/-, നഗരങ്ങളിൽ- 24,000/- രൂപ)
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ്
- കാഴ്ച വൈകല്യം, കേൾവിവൈകല്യം, MR, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ് ഗുണഭോക്താക്കൾ.
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## 7)സ്വാശ്രയ പദ്ധതി

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി. ഒറ്റതവണ ധനസഹായമായി 35,000/- രൂപ അനുവദിക്കുന്നു.ശാരീരിക മാനസിക വെല്ലുവിളി 70%മോ അതിൽ കൂടുതലോ ഉള്ള വ്യക്തികളുടെ മാതാവ് ആകണം . വിധവകൾ;ഭർത്താവ് ഉപേക്ഷിച്ചു പോയ സ്ത്രീകൾ ,നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം വേർപെട്ടത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ ,അവിവാഹിതരായ അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. സ്വയം തൊഴിൽ സംബന്ധിച്ച് ;വിശദമായ

പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## 8)ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി

ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത് . ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. രജിസ്ട്രേഷൻ ഫീ, കോഴ്സ്ഫീ/ട്യൂഷൻഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യൂണിവേർസിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേർസിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും , അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

## 9)വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം . ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുംസമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ. പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം. അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യഅവസരത്തിൽ തന്നെ പാസായിരിക്കണം.

## 10)സഹചാരി പദ്ധതി

- പരസഹായം ആവശ്യമായ 40%ന്റെ മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന /പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി . ഗവൺമെന്റ്/ എയിഡഡ്/ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന യൂണിറ്റിനെ ആണ് ആദരിക്കുന്നത് . ജില്ലയിൽ നിന്നും മികച്ച 3 യൂണിറ്റിന് ആണ് അവാർഡ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിന് പരിഗണിക്കും.

## 11)പരിരക്ഷ പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി . അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ . അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിന് മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 12)സഹായ ഉപകരണ വിതരണ പദ്ധതി

സംസ്ഥാനത്ത് 2015-ൽ പ്രസിദ്ധീകരിച്ച ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22 തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 7,94,834 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥ യിലുള്ളവരാണ്. ഇവർക്ക് സഞ്ചരിക്കുന്നതിനും ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസം നേടുന്നതിനും ജോലി സമ്പാദിക്കുന്നതിനും പ്രായോഗികമായി വളരെ ത്യാഗം ആവശ്യമായി വരുന്നുണ്ട്. അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തി രാഷ്ട്രനിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. അംഗപരിമിതൻറെ കുടുംബത്തിൻറെ വരുമാനം പരമാവധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രംഹാജരാക്കേണ്ടതാണ് . സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

## 13) ഇമ്പ്രെസ്റ്റ് മണി:

പൊതുസ്ഥലങ്ങളില് ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം , വസ്ത്രം, വൈദ്യസഹായം എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുക

ഉൾപ്പെടെയുള്ള അടിയന്തര സഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി .അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

**14) ശ്രേഷ്ഠംപദ്ധതി:**

കലാകായിക രംഗങ്ങളിൽ ഫലപ്രദമായ രീതിയിൽ പങ്കെടുക്കുന്ന/മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് /കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ശ്രേഷ്ഠം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതി.

**സാമൂഹ്യനീതി വകുപ്പ് മുഖേന ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പുനരധിവാസപദ്ധതികളുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.**

**1.സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി :** മാനസ്സിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിയ്ക്കുന്ന സർക്കാർ / സർക്കാരിതര സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് -ഇൻ എയ്ഡ് പദ്ധതി. കേരള സൈക്കോ സോഷ്യൽ റൂൾ - 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-അനുവദിച്ച വരുന്നത്. സംസ്ഥാനത്തെ 43 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

**2. പ്രത്യാശ പദ്ധതി**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ച വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ച വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് **പ്രത്യാശ പദ്ധതി.** കൂടാതെ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന ശാരീരിക / മാനസ്സിക / ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ പാർപ്പിയ്ക്കുന്ന സർക്കാർ ക്ഷേമ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിയ്ക്കുന്നതും കുടുംബങ്ങൾ ഏറ്റെടുക്കുവാൻ യാതൊരുവിധ സാധ്യതയില്ലാത്തതുമായവരെ സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിയ്ക്കുന്ന പി.ഡബ്ലിയു.ഡി രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതും സർക്കാർ ഗ്രാന്റ് ലഭിയ്ക്കുന്നതുമായ എൻ.ജി.ഒ സ്ഥാപനങ്ങളിൽ sanctioned strength അധികരിയ്ക്കാത്ത വിധത്തിൽ കൃത്യമായ വ്യക്തിഗത പരിപാലന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലൂടെ ആളുകളെ പുനരധിവസിപ്പിച്ച വരുന്നു. 2019 ലാണ് ഈ പദ്ധതി ആരംഭിച്ചത്. 2019-20, 2020-21 എന്നീ വർഷങ്ങളിലായി എറണാകുളം ജില്ലയിലെ മാർവല്ല ദയറ എന്ന സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ സഹകരണത്തോടെ 74 പേരെ ഈ പദ്ധതിയിലൂടെ വിവിധ സംസ്ഥാനങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ എൻ.ജി.ഒ കളെ കണ്ടെത്തിയാൽ മാത്രമേ സമയ ബന്ധിതമായി പുനരധിവാസ പ്രവർത്തനങ്ങൾ

പൂർണ്ണമാക്കുവാൻ സാധിയ്ക്കുകയുള്ളു. ആയതിലേയ്ക്ക് കോഴിക്കോട് മേഖല കേന്ദ്രീകരിച്ച് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കാസർഗോഡ് ജില്ലയിലെ സ്നേഹാലയ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിനെ തെരഞ്ഞെടുക്കുകയും എറണാകുളം മേഖലയിൽ പ്രവർത്തിയ്ക്കുന്നതിനായി മാർവല്ല ദയറ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിന് തുടർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മേഖലയിൽ പ്രവർത്തിയ്ക്കുന്നതിനായി പുതിയ എൻ.ജി.ഒ യെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

### 3. ഡേ കെയർ പദ്ധതി

മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു . ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്റ്റിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്നവരാണ് ഈ പ്രോജക്റ്റിന്റെ ഗുണഭോക്താക്കൾ. നിലവിൽ IMHANS നടത്തുന്ന Day Care പ്രോജക്റ്റിൽ 30 മുതൽ 35 രോഗികൾ പ്രതിദിനം പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നു. 6 മാസത്തെ നിരന്തരമായ പരിശീലനത്തിലൂടെ പലരിലും മാറ്റങ്ങൾ ഉണ്ടാകുകയും നഗരത്തിലെ വിവിധ ഇടങ്ങളിൽ ജോലി ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ പഴയ ജീവിതത്തിലേയ്ക്ക് തിരിച്ചു വരുന്നവരുടെ പരിശീലനത്തിന്റെ ഇടവേളകൾ ക്രമേണ കുറച്ചു കൊണ്ടു വരികയും മാസത്തിൽ ഒരു തവണയെങ്കിലും ഇവരെ വ്യക്തിഗത ഫോളോ അപ്പ് നടത്തുകയും ചെയ്യുന്നു. കേരളത്തിലെ പല ജില്ലകളിൽ നിന്നുള്ള രോഗികൾ ഈ പദ്ധതിയിലെ അംഗങ്ങളാണ്. ഇത് ഒരു റിക്കവറി ഫെസിലിറ്റേഷൻ യൂണിറ്റ് ആണ്. രോഗികളെ രോഗ വിമുക്തരാക്കി അവർക്ക് വൊക്കേഷണൽ ട്രെയിനിംഗ് കൊടുത്ത് സാധാരണ ജീവിതത്തിലേയ്ക്ക് നയിക്കുന്ന ഒരു ഹാഫ് വേ കെയർ സെന്ററായാണ് ഇത് പ്രവർത്തിയ്ക്കുന്നത്.

### 4.ഹോം എഗൈൻ പദ്ധതി

സംസ്ഥാനത്തെ എല്ലാ മാനസ്സിക രോഗാശുപത്രികളിലും രോഗം ഭേദമായിട്ടും അവരുടെ വീട്ടുകളിൽ പോകാൻ കഴിയാതെ ആശുപത്രികളിൽ തന്നെ കഴിയുന്നവരുണ്ട് . ഇത്തരത്തിൽ രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള Home Again House എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ' ദി ബന്യാൻ ' എന്ന സംഘടന മുന്നോട്ട് വരികയും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതി നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ കെട്ടിടം പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടെന്നും ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ കെട്ടിടം വിട്ടു നൽകുന്നതിന് പഞ്ചായത്ത് അധികൃതർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെ ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തും ടി പദ്ധതി ആരംഭിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നത് വഴി ഒരു കുടുംബാന്തരീക്ഷത്തെ അനുകരിയ്ക്കുന്ന സുഖപ്രദമായ ഇടം സൃഷ്ടിയ്ക്കുന്ന തരത്തിലുള്ള കൂട്ടായ്മ രൂപീകരിയ്ക്കുന്നതിനും , ഒരു കമ്മ്യൂണിറ്റിയിലെ വീട്ടുകളിൽ താമസിക്കുന്ന ആളുകൾക്ക് ഒത്തു ചേരുന്നതിനും ഇത് സഹായിക്കുന്നു. കൂടാതെ ഭവന അന്തരീക്ഷം

സൃഷ്ടിക്കുന്നതിനൊപ്പം സാമൂഹ്യപരിപാലന പിന്തുണയും വൈവിധ്യമാർന്ന ജോലികൾക്കുള്ള അവസരങ്ങൾ, സർക്കാർ ക്ഷേമ അവകാശങ്ങൾ സുഗമമാക്കുക, പ്രശ്ന പരിഹാരം, സാമൂഹ്യവൽക്കരണപിന്തുണ, വിനോദം, വ്യക്തിഗത സഹായങ്ങൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 23/01/2021 തീയതിയിലെ സ.ഉ (സാധാ) നം.64/2021/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

## 5. ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്.

വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്ക് മാനസ്സിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി കോഴിക്കോട് IMHANS മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്. ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന ഈ പദ്ധതി മറ്റ് മാനസികാരോഗ്യ പരിപാടികൾ, ആശുപത്രികൾ, NGO എന്നിവർ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും മറ്റ് അനുബന്ധ പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വെച്ചുള്ളതാണ്. വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി IMHANS മുഖേന ആരംഭിച്ച മൊബൈൽ മെന്റൽ ഹെൽത്ത് സെന്ററിലെ വിഗദ്ധരായ ഡോക്ടർമാരുടെയും ടി.എം.എച്ച്.പി. ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ജില്ലയിലെ വിവിധ കോളനികളിൽ പ്രവർത്തനങ്ങൾ നടത്തുകയും ചികിത്സ ആവശ്യമുള്ളവർക്ക് ആയത് നൽകുകയും തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് മരുന്നും മറ്റ് തെറാപ്പികളും ഇപ്പോഴും നല്കിവരുന്നുണ്ട്.

## 6.കാഴ്ചപരിമിതരായ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് പദ്ധതി

കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചപരിമിതരായ അഭിഭാഷകർക്ക് ഒറ്റത്തവണയായി എക്സ്ഗ്രേഷ്യാ 3000/- രൂപയും, വായനാ സഹായിയെ നിയമിച്ച് റീഡേഴ്സ് അലവന്സ് നല്കുന്നതിനായി പ്രതിമാസം 4,000/- രൂപാ വീതവും വകുപ്പ് മുഖേന അനുവദിച്ചു വരുന്നു. അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, കോർട്ട് പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയവ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നതു പ്രകാരം തുക അനുവദിച്ചു വരുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. നിലവിൽ 8 വർഷം വരെയാണ് തുക അനുവദിച്ചു വരുന്നത്.

## 7.ബാരിയർഫ്രീ കേരള പദ്ധതി

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കളക്ടർമാരുടെ ശുപാർശ പ്രകാരം പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയെ ഭിന്നശേഷിസൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ പുരോഗമിക്കുന്നു.

## 8.Accessible India Campaign പദ്ധതി

തിരുവനന്തപുരം നഗരത്തിലെ പൊതുകെട്ടിടങ്ങൾ, സർക്കാർ വെബ്സൈറ്റുകൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ഈ പദ്ധതിയിൽ നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ പുരോഗമിക്കുന്നു.

## 9. CDMRP (Community Disability Management and Rehabilittion Programme) പദ്ധതി

മാനസികവളർച്ചയില്ലാത്ത ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, Early Intervention, Development Disability, Rehabilittion എന്നീ മേഖലയിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശ്ശാസ്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് 2015-16 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

## 10. മൊബിലിറ്റി മിഷൻ കേരള പദ്ധതി

മലപ്പുറം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ശുപാർശ പ്രകാരം വളാഞ്ചേരി വികെഎം സ്പെഷ്യൽ സ്കൂളുമായി സഹകരിച്ച് ഭിന്നശേഷി കുട്ടികളുടെ വൈകല്യം പരിഹരിക്കുന്നതിന് ശസ്ത്രക്രിയകൾ നടത്തുന്നതിനും തുടർചികിത്സ, പരിശീലനം ,പരിചരണം എന്നിവ നടത്തുന്നതിനായി വകുപ്പുമുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണിത്.

## 11.പുനർജ്ജനി പദ്ധതി

പാലക്കാട് ജില്ലയിലെ-അട്ടപ്പാടിയിലെ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ഉള്ള ആദിവാസികളുടെ പുനരധിവാസത്തിനായി 50 പേരെ താമസിപ്പിക്കാവുന്ന വിധത്തിൽ 'പുനർജ്ജനി' എന്ന പേരിൽ ഒരു കെയർ ഹോം സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 12.തൊഴിൽ സംവരണം.

ഭിന്നശേഷി അവകാശ നിയമം നിഷ്കർഷിയ്ക്കുന്ന തരത്തിൽ ഭിന്നശേഷിക്കാർക്ക് സർക്കാർ നിയമനങ്ങളിൽ 1996 മുതൽ 3% സംവരണം നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷി അവകാശ ആക്ട് 2016 ൽ വ്യവസ്ഥ ചെയ്യുന്ന 4% സംവരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന എല്ലാ നിയമനങ്ങളിലും ഭിന്നശേഷി വിഭാഗത്തിന് 4% സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഉണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷി അവകാസ നിയമം 1995 പ്രകാരം ഭിന്നശേഷിക്കാർക്ക് 3% സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്.

## 13. അതിജീവനം സമഗ്ര പദ്ധതി

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പ് വരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സർക്കാർ തലത്തിൽ മാത്രമായുള്ള ഇടപെടലിലൂടെ എല്ലാ വിഭാഗക്കാർക്കുമുള്ള ക്ഷേമ പരിപാടികൾ ഉറപ്പാക്കാൻ സാധ്യമല്ലാത്തതിനാലും വൈകല്യ ബാധിതരായവർക്ക് സാമൂഹ്യാധിഷ്ഠിത/കുടുംബാധിഷ്ഠിത പുനരധിവാസം പൂർണ്ണമായും സാധ്യമല്ലാത്തതിനാലും ഇത്തരം വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് NGO സഹകരണത്തോടു കൂടി ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അതിജീവനം പദ്ധതിയ്ക്ക് **2019-20 സാമ്പത്തിക** വർഷം മുതൽ നടപ്പിലാക്കി വരുന്നു. മാനസ്സികവെല്ലുവിളി നേരിടുന്ന 18 വയസ്സ് മുതൽ 40 വയസ്സ് വരെ പ്രായമുള്ളവരാണ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2019-20 സാമ്പത്തിക വർഷത്തിൽ 13 NGO കളിലെ 600 ഗുണഭോക്താക്കൾക്കായി 92,46,986/- രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 13 NGO കളിലെ 600 ഗുണഭോക്താക്കൾക്കായി 83,36,984/- രൂപയും ധനസാഹയമായി അനുവദിച്ചിട്ടുണ്ട്.

## 14. നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം , സെറിബ്രൽ പാൽസി, ബൗദ്ധിക വെല്ലുവിളി , മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവർക്കായുള്ള സമഗ്രആരോഗ്യ ഇൻഷുറൻസ് പദ്ധതി. കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇതിൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താവ് അടക്കേണ്ടുന്ന പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകുന്നു . ഇൻഷുറൻസ് എല്ലാ വർഷവും പ്രീമിയം അടച്ച് പുതുക്കേണ്ടതുണ്ട്. ഇതും സർക്കാർ തന്നെയാണ് അടക്കുന്നത്. പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ വിഭാഗം 500 രൂപയും, ബി.പി.എൽ വിഭാഗം 250 രൂപയും, പദ്ധതിപുതുക്കുന്നതിന് യഥാക്രമം 250, 50 എന്നിങ്ങനെയുമാണ് പ്രീമിയം തുക അടക്കേണ്ടത്.

Jasmin Thomas
S.O. SJ (B) Dept.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

അനുബന്ധം II

1. **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ**

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. കൂടാതെ ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ **'ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ'** സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവിടേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

3. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

4. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 62 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്കാനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു JPHN ന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ NPPCD (National Programme for Prevention and Control of Deafness) കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം 1000 - 1500 കുട്ടികൾ BERA യിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി NIPMR, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

6. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ. തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ

മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

7. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പദ്ധതിയുടെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടിയും എന്ന കണക്കിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. 2016 - 2020 കാലയളവിൽ 1110 പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഈ അംഗൻവാടികൾ വഴി പരിശീലനം നൽകുകയും 374 കുട്ടികളെ സാധാരണ സ്കൂളിൽ ചേർക്കുകയും ചെയ്തു.

8. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് MCRC കൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

9. **അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities- UDID) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകി വരുന്നു.

10. ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലനചികിത്സാ രീതിയിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

11. സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

12. ശ്രുതി തരംഗം പദ്ധതി

കുട്ടികളിൽ കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ് സർജറി "ശ്രുതി തരംഗം" എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നത്. ഇതുവരെ 1200 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിലൂടെ കേൾവി ശക്തി വീണ്ടെടുത്തിട്ടുണ്ട്.

13. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായുള്ള കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിട നിർമ്മാണ ചുമതല.

**14. വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി**

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

**15. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി 2021 - 22 ൽ നടപ്പിലാക്കുന്നു.

**16. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ ഇരിങ്ങലക്കുട, തൃശ്ശൂർ (NIPMR)**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ NIPMR ലൂടെ വിവിധതരം ഭിന്നശേഷികൾ കണ്ടെത്തുന്നതിനും, ആവശ്യമായ തെറാപ്പികളും, പരിശീലനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആത്യന്താധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ ഓട്ടിസം, സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, ബുദ്ധിപരമായ വൈകല്യങ്ങൾ, ചലനവൈകല്യം തുടങ്ങിയവയുള്ള വിഭാഗങ്ങൾക്ക് ആവശ്യമായ ചികിത്സയും അനുബന്ധ സേവനങ്ങളും നൽകി വരുന്നു.

Jasmin Thomas
S.O. SJ (B) Dept.

അനുബന്ധം III

# കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
## പൂജപ്പുര, തിരുവനന്തപുരം
## നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുളള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്ട് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

2. ട്രൈസ്കൂട്ടർ വിതരണം

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ്വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക മാക്സിമം 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/വേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം 40% മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, പുതിയതായി ലോട്ടറി വിൽപ്പന തുടങ്ങുന്നവർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം

❖ ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,

❖ ലോട്ടറി വകുപ്പിൽ നിന്നുള്ള ഏജൻസി ലൈസൻസും, പുതിയ ഏജന്റ് സർട്ടിഫിക്കറ്റ്

❖ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. എൻ.എച്ച്.എഫ്.ഡി.സി വായ്പ.

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000 - 25,00,000/- രൂപ വരെ | 8% |

(50000 രൂപവരെയുള്ള വായ്പക്ക് സ്ത്രീകൾക്കും, കാഴ്ചാ.കേൾവി പരിമിതർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും 1% പലിശയിളവ്)

**എൻ.എച്ച്.എഫ്.ഡി.സി വായ്പക്കും ബാങ്ക് ലോൺ വായ്പക്കും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപവരെ സബ്സിഡി**

8. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷംരൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

9. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

10. പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 'സാഫല്യം' എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

### 11. സഹായ ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു

ഭിന്നശേഷിക്കാർക്കാവശ്യമായ വിവിധയിനം സഹായ ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനായി പാറശ്ശാല കൊറ്റാമത്ത് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിൽ ഒരു ഉപകരണ നിർമ്മാണ യൂണിറ്റ് (MRSTC) പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്ന സഹായ ഉപകരണങ്ങൾ സൗജന്യ വിതരണത്തിനു പുറമെ വിവിധ തദ്ദേശസ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും നൽകി വരുന്നു.

എംപ്ലോയ്മെന്റ് വകുപ്പ് അനുബന്ധം IV

വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടക പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നു.

കപ്പാസിറ്റി ബിൽഡിംഗ്

ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), എംപ്ലോയബിലിറ്റി സെന്റർ, VRC (Vocational Rehabilitation Centre) തുടങ്ങി, ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിച്ച് വരുന്നു.

മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. മൽസര പരീക്ഷകൾക്ക് അപേക്ഷിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെയുള്ള തുടർ പരിശീലനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പരീക്ഷകളോട് തൊട്ടടുത്ത ദിവസങ്ങളിൽ തീവ്രപരിശീലനവും നൽകുന്നു.

സ്വയം തൊഴിൽ വായ്പ പദ്ധതി

സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നു. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെകൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിതവേതനം ലഭിക്കുന്നതല്ല.

## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്

## അനുബന്ധം V

1. കോവിഡിന്റെ പശ്ചാത്തലത്തിലാണ് ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നത്. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം ചെയ്ത ക്ലാസ്സുകൾ എല്ലാ കുട്ടികളേയും ലക്ഷ്യം വച്ചായിരുന്നു. എന്നാൽ ഈ ക്ലാസ്സുകൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫലപ്രദമായിരുന്നില്ല. അവർക്കു വേണ്ടി ഫസ്റ്റ് ബെല്ലിന്റെ ചുവടു പിടിച്ച് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചത്.

2. എന്നാൽ കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ഇവയും ഫലപ്രദമായിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ശബ്ദ പാഠങ്ങൾ - ടോക്കിംഗ് ടെക്സ്റ്റ് ആരംഭിക്കുന്നത്. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ പാഠങ്ങളും ശബ്ദപാഠങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു കൊണ്ടിരിക്കുന്നു. കുട്ടികൾക്ക് നല്ല ഭാഷ കേൾക്കാനും ആസ്വദിക്കാനും പ്രയോഗിക്കാനും ഇതിലൂടെ കഴിയും. അതോടൊപ്പം തന്നെ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ സ്വായത്തമാക്കാനും കുട്ടികൾക്ക് സാധിക്കും.

3. ബുദ്ധി പരിമിതിയുള്ള കുട്ടികൾക്കായി 'തേൻകൂട്' എന്ന പഠന പിന്തുണാസംവിധാനം നടപ്പാക്കി വരുന്നു. ഈ സംവിധാനം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൊടുക്കുന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും പ്രയോജനപ്പെടുന്നു.

4. കേരളത്തിലെ ശ്രവണ പരിമിതിയുള്ള കുട്ടികൾക്കായി ആംഗ്യഭാഷയുമായി ബന്ധപ്പെടുത്തി മുദ്രികാപാഠം എന്ന ഓൺലൈൻ അദ്ധ്യാപക ശാക്തീകരണ പദ്ധതിയും നടപ്പാക്കി വരുന്നു. ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പഠനത്തിനായി ഇപ്പോൾ വ്യത്യസ്തതരം ആശയവിനിമയ രീതിയാണ് നിലനിൽക്കുന്നത്. മുദ്രികാപാഠത്തിലൂടെ ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ (ISL) പരമാവധി ഉപയോഗം സാധ്യമാക്കുന്നുണ്ട്. ഇതിലൂടെ ശ്രവണ പരിമിതിയുള്ള കുട്ടികളുടെ പഠനം ഏകോപിപ്പിക്കാൻ സാധിക്കും.

5. 2021 ജൂൺ മാസത്തോടുകൂടി ഭിന്നശേഷി കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി, മതിയായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. 168 ബി.ആർ.സി.കളിലെ വിവിധ കാറ്റഗറി കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണം വിതരണം ചെയ്യുന്നു.

6. 168 ബി.ആർ.സി.കളിലും ഓട്ടിസം സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെന്ററുകളിൽ ഓട്ടിസ കുട്ടികൾക്കായുള്ള തെറാപ്പി സർവ്വീസും ഒപ്പം പഠന പിന്തുണാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

7. ഭിന്നശേഷിക്കാരായ എല്ലാ പെൺകുട്ടികൾക്കും സ്റ്റൈപൻഡ് നൽകുന്നു.

8. ബ്ലൈൻഡ് ആയ കുട്ടികൾക്ക് ബ്രെയിലി സ്റ്റേഷനറി നൽകുന്നു.

9. ലോക്കോമോട്ടോർ ഡിസ്എബിലിറ്റി വിഭാഗത്തിലുള്ള കുട്ടികൾക്കായി സി.പി.ചെയർ, വീൽ ചെയർ, ആങ്കിൾ ഫൂട്ട് ഓർത്തോസിസ്, മാട്രസ്സ്, കൊമ്മോഡ് ചെയർ, കോസ്മെറ്റിക് ഗ്ലൗവ്, വാട്ടർ ബെഡ്, എക്സർസൈസ് ബാൾ, ട്രൈസൈക്കിൾ, പാരലൽ ബാർ, ഫിസിയോ ബെഡ്, സി.റ്റി.ഇ.വി. ഷൂ, കറക്ടിങ്ങ് ഫുട്ട വെയർ തുടങ്ങി 86 ഇനം സഹായ ഉപകരണങ്ങൾ നൽകി വരുന്നു.

ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ഉള്ള കുട്ടികളുടെ പുനഃരധിവാസത്തിനായി. സർവ്വ ശിക്ഷാ കേരള മുഖേന 168 ബി.ആർ.സി. കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടേയും ആയമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകി വരുന്നു. ഇതിനു പുറമേ കോവിഡ് 19 കാലത്ത് ഇവർക്ക് പഠന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വീഡിയോ തയ്യാറാക്കി നൽകുകയും വീടുകളിൽ തെറാപ്പി സൗകര്യം ഒരുക്കുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക വീഡിയോകൾ നിർമിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

Jasmin Thomas
S.O. SJ (D) Dept.

അനുബന്ധം VI

കോവിഡിന്റെ പശ്ചാത്തലത്തിൽ ഓട്ടിസം ബാധിതരെ സഹായിക്കുന്നതിനായി സ്റ്റെപ്സ് Special Training and Empowerment Program for Parents (STEPS) എന്ന പാക്കേജ് പദ്ധതി NIPMR ന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. വിവിധ വിഭാഗം തെറാപ്പിസ്റ്റുകളുടെ മൾട്ടിഡിസിപ്ലിനറി ടീമാണ് മൂന്ന് മാസം നീണ്ടു നിക്കുന്ന ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. കോവിഡ് പടരാതിരിക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച ക്യുബിക്കളുകൾക്കുള്ളിൽ കുട്ടിയേയും രക്ഷിതാവിനേയും ഇരുത്തിയാണ് ഗ്രൂപ്പ് തെറാപ്പി സെഷനുകൾ നടത്തുന്നത്. മൂന്ന് വയസിനു താഴെയുള്ള കുട്ടികൾക്കായി ലിറ്റിൽ സ്റ്റെപ്സ് എന്ന പേരിലും മൂന്ന് വയസിന് മുകളിൽ 8 വയസ് വരെയുള്ള കുട്ടികൾക്കായി ബ്രൈറ്റ് സ്റ്റെപ്സ് എന്ന പേരിലും രണ്ട് ബാച്ചുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ലിറ്റിൽ സ്റ്റെപ്സിന് പ്രതിമാസം 9000/- രൂപയും ബ്രൈറ്റ് സ്റ്റെപ്സിന് പ്രതിമാസം 12,500/- രൂപയുമാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. മൂന്ന് മാസത്തെ തുടർച്ചയായ പരിശീലനത്തിന് ശേഷം തുടർന്നു വരുന്ന ആദ്യത്തെ ഒരു മാസം ആഴ്ച്ചയിൽ ഒരു ദിവസം വീതവും തുടർന്ന് മാസത്തിൽ രണ്ട് തവണയും തുടർ പരിശീലനം നൽകി വരുന്നു. ഡെവലപ്പ്മെന്റൽ പീഡിയാട്രീഷ്യൻ, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്, സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ഡയറ്റീഷ്യൻ എന്നിവരടങ്ങുന്ന വിദഗ്ദ ടീമാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വിവിധ തെറാപ്പി വിഭാഗങ്ങളുടെ കോ ഓഡിനേഷൻ ചുമതല സോഷ്യൽ വർക്കർക്കാണ്. പദ്ധതി ആരംഭിച്ച ശേഷം വിവിധ ജില്ലകളിൽ നിന്നുമായി 73 കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പരിശീലനം നൽകിയിട്ടുണ്ട്.

Jasmin Thomas